# കേരള കാർഷിക സർവ്വകലാശാല

## ഇൻസ്ട്രക്ഷണൽ ഫാം

നം. ഐ.എഫ്/1078/2021 വെള്ളാനിക്കര, തീയ്യതി : 24/12/2021

<u>ക്വട്ടേഷൻ / ലേല പരസ്യം</u>

ഇൻസ്ട്രക്ഷണൽ ഫാമിലെ കശുമാവ്, കമുക് തുടങ്ങിയവയുടെ വിളവെടുക്കുന്നതിനുള്ള അവകാശം ക്വട്ടേഷൻ / ലേല വ്യസസ്ഥ പ്രകാരം നൽകാൻ തീരുമാനിച്ചിരിക്കുന്നു. താൽപര്യമുള്ളവർ സീൽ ചെയ്ത ക്വട്ടേഷൻ 15/01/2022 ന് രാവിലെ 11 മണിക്ക് മുൻപ് ഈ ഓഫീസിലെത്തിക്കേണ്ടതാണ്.

ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിരദത്രവ്യമായി 1000/- രൂപ 15/01/2022 ന് 11.00 മണിക്ക് മുൻപായി ഓഫീസിൽ കെട്ടി വയ്ക്കണം. അന്നേ ദിവസം 11.30 മണിക്ക് രഹസ്യ ക്വട്ടേഷൻ നൽകിയ ആളുകളെ മാത്രം പങ്കെടുപ്പിച്ചു കൊണ്ട് പരസ്യ ലേലം നടത്തുന്നതും അതിനു ശേഷം ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും. രഹസ്യ ക്വട്ടേഷൻ നൽകുന്നവരെ മാത്രമെ ലേലത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ.

| ക്രമ നമ്പർ | വിളകൾ | എണ്ണം | നിരതദ്രവ്യം |
|---|---|---|---|
| 1 | കശുമാവ് | 110 | 1000/- |
| 2 | കമുക് | 100 | |

<u>നിബന്ധനകൾ</u>

1. ക്വട്ടേഷൻ നിരക്ക് വളരെ വ്യക്ത്മായി അക്ഷരത്തിലും അക്കത്തിലും എഴുതിയിരിക്കണം.
2. ക്വട്ടേഷൻ കവറിന് പുറത്ത്/ "ഫാമിലെ കശുമാവ്, കമുക് വൃക്ഷങ്ങളുടെ വിളവെടുക്കുന്നതിനുള്ള ക്വട്ടേഷൻ – 2022 " എന്ന് വ്യകതമായി എഴുതിയിരിക്കണം.
3. ക്വട്ടേഷനുകൾ പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന പേരിൽ ആയിരിക്കേണ്ടതും മുകളിൽ സൂചിപ്പിച്ച സമയത്തിന് മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ക്വട്ടേഷൻ നൽകുകയും നിരതദ്രവ്യം അടച്ചിരിക്കേണ്ടതുമാണ്.
4. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവരെ മാത്രം പങ്കെടുപ്പിച്ചു കൊണ്ട് 15/01/2022 തീയതിയിൽ 11.30 ന് പരസ്യലേലം നടത്തുന്നതും, തുടർന്ന് ക്വട്ടേഷനുകൾ തുറക്കുന്നതും ആയതിൽ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതുമാണ്.
5. ഇപ്രകാരം ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ അപ്പോൾ തന്നെ ക്വട്ടേഷൻ/ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം അടയ്ക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും അഞ്ചു പ്രവൃത്തി ദിവസത്തിനകം അടച്ച് രസീത് വാങ്ങേണ്ടതാണ്.
6. മുഴുവൻ ലേല തുകയും ഓഫീസിൽ അടച്ചതിനു ശേഷം മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളു.

7. വിളവെടുപ്പ് സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാണ്.
8. വിളവെടുപ്പ് കാലാവധി ക്വട്ടേഷൻ അംഗീകരിച്ച തീയതി മുതൽ 2022 ഡിസംബർ 31 വരെയാണ്.
9. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യമായ 1000/- രൂപ, വിളവെടുപ്പ് മുഴുവൻ കഴിഞ്ഞതിനു ശേഷം മാത്രമേ തിരികെ നൽകുകയുള്ളു.
10. ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് മാത്രമേ വിളവെടുക്കുവാൻ പാടുള്ളു. വിളവെടുക്കുന്നതിനു മുൻപ് ഓഫീസിൽ നിന്നും പാസ് വാങ്ങേണ്ടതും ഓരോ തവണയും വിളവെടുത്തതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ഫാം / സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിർബന്ധമായും ബോദ്ധ്യപ്പെടുത്തേണ്ടതാണ്.
11. പറിച്ചെടുത്ത വിളകൾ 5 മണിക്ക് മുൻപായി ഔട്ട് പാസ് വാങ്ങി കൊണ്ടു പോകേണ്ടതാണ്. ഓരോ മരത്തിൽ നിന്നും പറിക്കുന്ന വിളകളുടെ തൂക്കം/എണ്ണം ഹാർവെസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനായി ഓഫീസിൽ നിർബന്ധമായും നൽകേണ്ടതാണ്.
12. ഓരോ ദിവസവും വിളവെടുക്കുന്നവ അപ്പോൾ തന്നെ കൊണ്ടുപോകേണ്ടതാണ്. ഫാമിൽ സൂക്ഷിച്ച് വയ്ക്കുവാൻ അനുവദിക്കുന്നതല്ല.
13. നഴ്സറി ആവശ്യത്തിനായി മേൽ വിളകളിൽ നിന്നും ഗ്രാഫ്റ്റിങ്ങ്/ലെയറിങ്ങ് ചെയ്യുന്നതിന് കമ്പുകളെടുക്കുവാൻ ഫാമിന് അവകാശമുണ്ടായിരിക്കും.
14. പ്രത്യേക മുന്നറിയിപ്പ് ഇല്ലാതെ തന്നെ ക്വട്ടേഷൻ മാറ്റിവെയ്ക്കുവാനോ പരിഷ്ക്കരിക്കുവാനോ നിരസിക്കുവാനോ ഉള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.
15. ലേലം കൊണ്ട വ്യക്തി മേൽപ്പറഞ്ഞ ലേല നിബന്ധനകൾ അടങ്ങിയ ഉടമ്പടി 100 രൂപ മുദ്രപ്പത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുൻപായി നൽകേണ്ടതാണ്.
16. വിളവെടുപ്പ് കാലയളവിൽ ഫാമിൽ ഏതെങ്കിലും രീതിയിൽ നഷ്ടമുണ്ടാക്കിയാൽ ലേലം വിളിച്ച വ്യക്തി അടച്ചിരിക്കുന്ന നിരതദ്രവ്യം ഉൾപ്പെടെയുള്ള മുഴുവൻ തുകയും യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും ലേലം റദ്ദ് ചെയ്ത് മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി നേരിട്ടോ 0487 2961457 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

പ്രൊഫസർ & ഹെഡ്

**Professor & Head**
Instructional Farm, K.A.U.
Vellanikkara, Thrissur-680 656

പകർപ്പ് : നോട്ടീസ് ബോർഡ് ; എ.ആർ.എസ്. മണ്ണുത്തി; ആറ്റിക് , മണ്ണുത്തി; സെൻട്രൽ നഴ്സറി മണ്ണുത്തി; കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ, വെള്ളാനിക്കര;പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ; ബ്ലോക്ക് ഓഫീസ്, ഒല്ലൂക്കര; കെ. എ. യു. വെബ്സൈറ്റ്; സ്റ്റോക്ക് ഫയൽ.